(സി) (1) സെൻട്രൽ ഡ്രഗ്സ് ലാബറട്ടറി കൽക്കട്ട.
(2) സെൻട്രൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കസൗളി.

(ഡി) ഉണ്ട്. അതിനുവേണ്ടിയുള്ള എല്ലാ പ്രാരംഭ നടപടികളും നടത്തിവരികയാണ്.

ആഭ്യന്തരവകുപ്പു മന്ത്രിമാരുടെ സമ്മേളനം

* 222. [10] ശ്രീ. എസ്. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യൻ സംസ്ഥാനങ്ങളിലെ ആഭ്യന്തരവകുപ്പുമന്ത്രിമാരുടെ ഒരു സമ്മേളനം 1963 ഡിസംബർ മാസത്തിൽ കൂടുകയുണ്ടായോ ;

(ബി) പ്രസ്തുത സമ്മേളനത്തിൽ ഇവിടത്തെ ആഭ്യന്തരമന്ത്രി സംബന്ധിച്ചിരുന്നോ ;

(സി) പ്രധാനമായും എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത സമ്മേളനം കൈകാര്യം ചെയ്തത് ;

(ഡി) നമ്മുടെ സംസ്ഥാനത്തെ ആഭ്യന്തരമന്ത്രി സംബന്ധിച്ചില്ലെങ്കിൽ എന്തുകൊണ്ട് ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. പി. ടി. ചാക്കോ) :

(എ) ഉണ്ടായി.
(ബി) സംബന്ധിച്ചിരുന്നു.
(സി) കേന്ദ്രത്തിലെന്നപോലെ സംസ്ഥാനങ്ങളിലും വിജിലൻസ് കമ്മീഷനുകൾ നിയമിക്കുന്ന കാര്യത്തെക്കുറിച്ചാണ് സമ്മേളനത്തിൽ പ്രധാനമായും ചർച്ചകൾ നടന്നത്.

(ഡി) ബി—യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

പുൽത്തൈലം.

* 223. [12] ശ്രീമതി കുസുമം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്. ടി. സി. പുൽത്തൈലഡിപ്പോകളിൽ തൈലം കൊടുക്കുമ്പോൾ 5 കിലോഗ്രാമിൽ കൂടുതലുണ്ടെങ്കിൽ തഹസീൽദാരുടെ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണമെന്ന് നിർബ്ബന്ധിക്കുന്നുണ്ടോ ;

(ബി) ഇത് പ്രായോഗികമായി വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്ന് പരാതി ഉണ്ടായിട്ടുണ്ടോ ;

(സി) എസ്. ടി. സി 77—ം, 81—ം ശതമാനം സിടോൾ ഉണ്ടായിരിക്കണമെന്ന് നിർദ്ദേശിക്കുമ്പോൾ ഡിപ്പോകളിൽ 79 ശതമാനവും 83 ശതമാനവും വേണമെന്ന് ആവശ്യപ്പെടുന്നതായി പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) തൈലം test ചെയ്യുന്നതിനു വളരെ താമസം നേരിടുന്നതായും തന്മൂലം മലംപ്രദേശങ്ങളിൽനിന്നും തൈലവുമായിവരുന്ന ചെറുകർഷകർ വളരെ ബുദ്ധിമുട്ടേണ്ടിവരുന്നുവെന്നും ഉള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്) .

(എ) ഇപ്പോൾ ഇല്ല.

(ബി) ഉണ്ടായിരുന്നു.

(സി) അങ്ങിനെ ചില പരാതികൾ ആരംഭത്തിൽ ഉണ്ടായിരുന്നു. പക്ഷെ അടുത്തകാലത്തു ഇങ്ങനെ പരാതിയൊന്നും ഉണ്ടായിട്ടില്ല.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly